**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി പൂർത്തിയാകാനുള്ളതെന്നും എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കുമോ; പദ്ധതിയുടെ അടങ്കൽ തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ; | (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 36,897 കണക്ഷനുകൾ നൽകുന്നതിനായി 25132.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ, 19,108 കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>കോട്ടക്കൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പട്ടിക **<u>അനുബന്ധം</u>** ആയി ചേർക്കുന്നു. |
| (ബി) | ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴിച്ച, മണ്ഡലത്തിലെ വിവിധ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതുവരെയായി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റിയിട്ടുണ്ട്; ഇനി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റാൻ ബാക്കിയുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പൊന്മള പഞ്ചായത്ത് - 33 പഞ്ചായത്ത് റോഡുകൾ കുഴിച്ചു. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ റോഡ് റെസ്റ്റോറേഷന് മാത്രമേ തുക അനുവദിച്ചിട്ടുള്ളൂ. താൽക്കാലിക റെസ്റ്റോറേഷൻ നടത്തിയിരുന്നു<br><br>2. മാറാക്കര പഞ്ചായത്തിൽ 50 റോഡുകൾ കുഴിച്ചതിൽ 40 റോഡുകൾ റീസ്റ്റോർ ചെയ്തിട്ടുണ്ട്. ഇനി 10 എണ്ണം റീസ്റ്റോർ ചെയ്യാനുണ്ട്.<br><br>3. കുറ്റിപ്പുറം പഞ്ചായത്തിൽ 104 റോഡുകൾകുഴിച്ചതിൽ 89 റോഡുകൾ റീസ്റ്റോർ ചെയ്തിട്ടുണ്ട്. ഇനി 15 എണ്ണം റീസ്റ്റോർ ചെയ്യാനുണ്ട്.<br><br>4. എടയൂർ പഞ്ചായത്തിൽ 8.60 കി.മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് റോഡ് പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>5. ഇരിമ്പിളിയം പഞ്ചായത്തിൽ 30 കി.മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് റോഡ് പുനരുദ്ധാരണ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>റീസ്റ്റോറേഷൻ പ്രവൃത്തികൾക്കായി അനുവദിച്ച തുക<br><br>1. മാറാക്കര പഞ്ചായത്ത്- 3.4 കോടി<br><br>2. കുറ്റിപ്പുറം പഞ്ചായത്ത്- 1.22 കോടി<br><br>3. എടയൂർ, ഇരിമ്പിളിയം പഞ്ചായത്തുകൾക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കുള്ള തുക ഭരണാനുമതി തുകയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് |
| (സി) | ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള കേന്ദ്രവിഹിതം മുഴുവൻ ലഭ്യമായിട്ടുണ്ടോ; ഇതിന് ആനുപാതികമായുള്ള സംസ്ഥാന വിഹിതത്തിന്റെ എത്ര തുക അനുവദിച്ചെന്നും ഇനി എത്ര തുക അനുവദിക്കാനുണ്ടെന്നും വിശദമാക്കാമോ; | (സി) | ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള കേന്ദ്രവിഹിതം മുഴുവൻ ലഭ്യമായിട്ടില്ല.<br><br>കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ. നിലവിൽ ലഭ്യമായ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം നൽകിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ആകെ ഭരണാനുമതി നൽകിയ 44,714.79 കോടി രൂപയിൽ, ഇതുവരെ 5610.31 കോടി രൂപ കേന്ദ്ര വിഹിതമായും 8033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ 13643.60 കോടി രൂപ). ഇതിൽ 11643.60 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ജൽ ജീവൻ മിഷനായി 1949.36 കോടി രൂപയാണ് ബജറ്റ് വിഹിതമായിട്ട് വകയിരുത്തിയത്. ഇതിൽ നിന്ന് 974.68 കോടി രൂപ മാത്രമേ ലഭ്യമായുള്ളൂ. പദ്ധതി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, 2024-25-ൽ അഡ്വാൻസ് സ്റ്റേറ്റ് ഷെയറായിട്ട് കേരള സർക്കാർ 500 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൻ്റെ ആനുപാതികമായ വിഹിതം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ ഇതുവരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. |
| (ഡി) | കുടിശിക നൽകാത്തതിനാൽ പല കരാറുകാർക്കും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നാളിതുവരെ ഈ പദ്ധതിയിൽ കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയായുള്ളതെന്നും കുടിശിക കൊടുത്തു തീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭാഗമായുള്ള കേന്ദ്രസർക്കാർ വിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു |

| | | | |
|---|---|---|---|
| | | | നബാർഡിൽ നിന്നും വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നൽകി. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു.<br><br>തുടർന്ന്, SNA-SPARSH സംവിധാനത്തിന് കീഴിൽ "സംസ്ഥാന വിഹിതം" എന്ന രീതിയിൽ ചെലവ് ഉറപ്പാക്കുന്നതിനായി, 5,000 കോടി രൂപ "0215-01-102-98 - Receipts from Rural Water Supply - Receipt on account of NABARD Loan availed by KWA for implementation of Jal Jeevan Mission" എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായുള്ള നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനായി, മേൽപ്പറഞ്ഞ തുകയിൽ നിന്നും 3,750 കോടി രൂപ "4215-01-102-92-(02) Jal Jeevan Mission (NRDWP)" എന്ന ശീർഷകത്തിൽ വകയിരുത്തി കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചുകൊണ്ട് 20-01-2026-ലെ G.O.(Rt)No.61/2026/WRD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ നിന്നും ആദ്യ ഗഡുവായി 2,000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| **പഞ്ചായത്ത്** | **ആകെ ഗ്രാമീണ വീടുകൾ** | **JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ** | **ഭരണാനുമതി നൽകിയ കണക്ഷൻ** | **ഭരണാനുമതി തുക (ലക്ഷം)** | **JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ** | **നിലവിലെ മൊത്തം കണക്ഷൻ** | **ഇനി നൽകാനുള്ള കണക്ഷൻ** |
|---|---|---|---|---|---|---|---|
| എടയൂർ | 8058 | 1097 | 7364 | 3460.42 | 6534 | 7631 | 427 |
| ഇരിമ്പിളിയം | 6899 | 2644 | 4695 | 1488.96 | 3211 | 5855 | 1044 |
| കുറ്റിപ്പുറം | 11972 | 3795 | 8177 | 12222.54 | 291 | 4086 | 7886 |
| മാറാക്കര | 9990 | 435 | 9555 | 6072.71 | 4553 | 4988 | 5002 |
| പൊൻമള | 7106 | 18 | 7106 | 1888.00 | 4519 | 4537 | 2569 |
| **ആകെ** | **44025** | **7989** | **36897** | **25132.63** | **19108** | **27097** | **16928** |